**കേരള ഹയർ സെക്കൻഡറി/ വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസ വകുപ്പുകളിലെ HSST Physics(Senior), HSST Physics(Junior), NVT Physics (Senior), NVT Physics(Junior) (കാറ്റഗറി നമ്പർ 456/10) തസ്തികകളിലേയ്ക്കുള്ള രണ്ടാം ഘട്ട ഇൻറർവ്യൂ 23.04.14, 24.04.14, 25.04.14, 29.04.14, 30.04.14 എന്നീ തീയതികളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻെറ എറണാകുളം, കോഴിക്കോട് മേഖലാ ആഫീസുകളിൽ വച്ച് നടത്തുന്നതാണ്. ഇൻറർവ്യൂ ഷെഡ്യൂൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. രണ്ടാം ഘട്ട ഇൻറർവ്യൂവിൽ പങ്കെടുപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കുള്ള വ്യക്തിഗത ഇൻറർവ്യൂ മെമ്മോ ഇതിനോടകം അയച്ചുകഴിഞ്ഞു. 19.04.2014 വരെ മെമ്മോ ലഭിക്കാത്ത ഉദ്യോഗാർത്ഥികൾ കെ.പി.എസ്.സി. ആസ്ഥാന ആഫീസിലെ ഗവണ്മെൻറ് റിക്രൂട്ട്മെൻറ് വിഭാഗവുമായി (GRIIC Section) ബന്ധപ്പെടേണ്ടതാണ്. (ഫോൺ നമ്പർ – 0471-2546294)**

## <u>സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഉദ്യോഗാർത്ഥികൾ ഹാജരാക്കേണ്ടുന്ന പ്രമാണങ്ങൾ</u>

**I** ആറു മാസത്തിനകം എടുത്ത 4 (നാല്) പാസ്സ്പോർട്ട് സൈസ് ഫോട്ടോ (ഫോട്ടോയിൽ പേരും തീയതിയും രേഖപ്പെടുത്തിയിരിക്കണം.)

**I** താഴെ പറയുന്ന പ്രമാണങ്ങളുടെ അസ്സലും സ്വയം

I സാക്ഷ്യപ്പെടുത്തിയ നാല് പകർപ്പുകളും ഹാജരാക്കേണ്ടതാണ്.

1) പി.എസ്.സി അംഗീകരിച്ച ഏതെങ്കിലും ഒരു തിരിച്ചറിയൽ രേഖ

2) ജനനത്തീയതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് (Eg: S.S.L.C )

3) യോഗ്യതകൾ (M.Sc, B.Ed, SET/NET/M.Ed/M.Phil/Ph.D) തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ.

4) M.Sc കോഴ്സിന്റെ അവസാന വർഷ/സെമസ്റ്റർ മാർക്ക് ലിസ്റ്റ് (രണ്ടു പുറവും)

5) കേരളത്തിനു വെളിയിലുള്ള യൂണിവേഴ്സിറ്റികളിൽ നിന്നും നേടിയിട്ടുള്ള യോഗ്യതകൾക്ക് കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റിയിൽ നിന്നുള്ള തുല്യതാ സർട്ടിഫിക്കറ്റ്.

6) യോഗ്യതകൾ റെഗുലർ കോഴ്സിലൂടെ നേടിയതാണെന്ന് തെളിയിക്കുന്ന Course Certificate/Transfer Certificate

7) അധികയോഗ്യതകളായി M.Phil/Ph.D/Post Doctoral Degree എന്നിവ (ഇൻറർവ്യൂ തീയതിയ്ക്കു മുൻപുവരെ നേടിയവ പരിഗണിയ്ക്കുന്നതാണ്) നേടിയിട്ടുണ്ടെങ്കിൽ ആയവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ.

8) പട്ടികജാതി/പട്ടികവർഗ്ഗ സമുദായത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾ ജാതി സർട്ടിഫിക്കറ്റും എട്ട് പകർപ്പുകളു ം

9) പിന്നാക്ക വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ 26.09.2009 ലെ 81/2009/എസ്.സി/എസ്.റ്റി/ഡി.ഡി. എന്ന സർക്കാർ ഉത്തരവ് പ്രകാരമുള്ള നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്.

നോട്ട്: ജാതി സർട്ടിഫിക്കറ്റ് /നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് എന്നിവയിലെ മേൽവിലാസവും അപേക്ഷയിലെ/S.S.L.C സർട്ടിഫിക്കറ്റിലെ മേൽവിലാസവും ഒന്നായിരിക്കണം. സർട്ടിഫിക്കറ്റിൽ ഉദ്യോഗസ്ഥന്റെ പേര്,

ആഫീസ് സീൽ മുതലായവ ഉണ്ടായിരിക്കണം)

10) വികലാംഗരായ ഉദ്യോഗാർത്ഥികൾ സ്റ്റാൻറിങ് ഡിസെബിലിറ്റി അസെസ്മെൻറ് ബോർഡിൽ നിന്നും ലഭിച്ചിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്

11) സ്പോർട്സ് അവകാശപ്പെട്ടിട്ടുണ്ടെങ്കിൽ **Sports Council Secretary** കൗണ്ടർസൈൻ ചെയ്തിട്ടുള്ള സർട്ടിഫിക്കറ്റ്

12 കേന്ദ്ര/സംസ്ഥാന സർക്കാർ സ്ഥാപനങ്ങളിൽ ജോലി നോക്കുന്നുവെങ്കിൽ മേലധികാരിയിൽ നിന്നും ലഭിച്ച ഈ ജോലിയ്ക്ക് അപേക്ഷിക്കുന്നതിനുള്ള അനുമതിപത്രം (രസീത്)